LIBRARY ARCHIVES Kerala Legislative Assembly

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി

216 (1689) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ എത്ര ഏക്കർ ഭൂമിയാണ് ഉള്ളത് ; ഈ ഭൂമി ഏതെല്ലാം പഞ്ചായത്തുകളിലാണ് ഉള്ളതെന്നും, ഇവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന പ്രധാന വിളകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിൽ കാസർഗോഡ് ജില്ലയിൽ 4,458.91 ഹെക്ടർ ഭൂമിയുണ്ട്. ആയത് മുളിയാർ, പാടി, ആദൂർ, ബെല്ലൂർ, നെറ്റാണിംഗ, കംഞ്ജെ, പെർദ്ദല, എൻമകജെ, പെരിയ, പനയാൽ, പുല്ലൂർ, ചിത്താരി, കാറ്റുകൈ, ചീമേനി, തിമിരി, പനത്തടി, കള്ളാർ എന്നീ വില്ലേജുകളിലാണ്. കശുമാവ്, കുരുമുളക് എന്നിവയാണ് ഇവിടത്തെ പ്രധാന വിളകൾ.

പച്ചക്കറിയുടെ വിലവർദ്ധന തടയുന്നതിനുള്ള നടപടി

217 (1690) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തമിഴ്നാട്ടിലെ ചില ജില്ലകളിൽ ശക്തമായ മഴ ഉണ്ടായതിനെത്തുടർന്ന് ഇടനിലക്കാർ പച്ചക്കറി വില കുത്തനെ ഉയർത്തിയതിനെ നേരിടാനായി ഹോർട്ടികോർപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പച്ചക്കറിയുടെ വില വർദ്ധനവിനെ ചെറുക്കാൻ വിപണിയിൽ ഇടപെടുന്നതിനായി പത്തുകോടി രൂപ ഹോർട്ടികോർപ്പ് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കൂടുതൽ വാങ്ങി ശേഖരിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത് എന്നു മുതൽ പ്രാവർത്തികമാക്കുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) പച്ചക്കറി വില ഉയർന്നതിനെ നേരിടാനായി ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തിയിട്ടുണ്ട്. വിലയിൽ കൂടുതൽ വർദ്ധനവ് ഉണ്ടായ പച്ചക്കറികൾക്ക് 30% സബ്സിഡിയും ബാക്കിയുള്ള പച്ചക്കറി ഇനങ്ങൾക്ക് പൊതുവിപണി വിലയെക്കാൾ 10-15% വരെ വില കുറച്ചും ഹോർട്ടികോർപ്പിന്റെ എല്ലാ ഹരിതാ സ്റ്റാളുകളിലൂടെയും സഞ്ചരിക്കുന്ന വിൽപ്പന യൂണിറ്റുകളിലൂടെയും വിപണനം നടത്തിവരുന്നു.